## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 574 | 29/10/2019 ൽ മറുപടിക്ക്

### പട്ടുവ്യവസായ പുനഃസംഘടന പദ്ധതി

| ചോദ്യം<br>ശ്രീ. എൻ. എ. നെല്ലിക്കുന്ന് | | ഉത്തരം<br>ശ്രീ. ഇ. പി. ജയരാജൻ<br>(വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) പട്ടവസ്ത്ര നിർമ്മാണ മേഖലയിൽ കേരളത്തെ സ്വയംപര്യാപ്തമാക്കാൻ കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക സഹായത്തോടെ പട്ടുവ്യവസായ പുനഃസംഘടനാ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ ഏത് വർഷത്തിലാണ് തയ്യാറാക്കിയതെന്നും എത്ര രൂപയുടെ പദ്ധതിയാണ് എന്നും വ്യക്തമാക്കാമോ; | (എ) യും (ബി) യും | 2015 -2016 മുതൽ 2018 -2019 വരെയുള്ള പദ്ധതി നടത്തിപ്പിനായി 113.30 കോടി രൂപക്കുള്ള പദ്ധതി തയ്യാറാക്കിയിരുന്നു. ഇതിൽ കേന്ദ്രവിഹിതമായി 80% വും (90.95 കോടി രൂപയും) സംസ്ഥാന വിഹിതമായി 20% വുമാണ് (22.35 കോടി രൂപയും) തീരുമാനിച്ചിരുന്നത്. പദ്ധതി പ്രകാരം തുക കേന്ദ്രം അനുവദിച്ച വ്യവസായ വകുപ്പിന് നൽകിയിട്ടില്ല. |
| (ബി) പ്രസ്തുത പദ്ധതിയിൽ എത്ര രൂപയാണ് കേന്ദ്ര സർക്കാർ വകയിരുത്തിയതെന്നും സംസ്ഥാന സർക്കാർ എത്ര ശതമാനം വിഹിതമാണ് നൽകേണ്ടതെന്നും ആയത് നൽകിയോ എന്നും വ്യക്തമാക്കാമോ; | | |
| (സി) സിൽക്ക് സമഗ്ര പദ്ധതി തയ്യാറാക്കിയിരുന്നോ; എങ്കിൽ ഏത് വർഷമാണ് തയ്യാറാക്കിയതെന്നും എത്ര രൂപയുടെ പദ്ധതിയാണെന്നും വ്യക്തമാക്കാമോ; | (സി) യും (ഡി) യും | 2019 -2020 വർഷത്തേക്ക് സിൽക്ക് സമഗ്ര കർമ്മ പദ്ധതി തയ്യാറാക്കി ഇതുവരേയും സർക്കാരിൽ സമർപ്പിച്ചിട്ടില്ല. |
| (ഡി) പ്രസ്തുത പദ്ധതികൾ പ്രകാരം ഇതുവരെ ചെയ്ത പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്നും പദ്ധതികളുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്താണെന്നും വ്യക്തമാക്കാമോ; | | |
| (ഇ) പദ്ധതികൾ നടപ്പാക്കാത്തതിനെതിരെ ആരെങ്കിലും ഹൈക്കോടതിയിൽ ഹർജി നൽകിയിരുന്നോ എന്നും ഹൈക്കോടതി ഉത്തരവ് | (ഇ) | ഹർജി നൽകിയിരുന്നു. പദ്ധതി നടപ്പിലാക്കുന്നതിനായി സംസ്ഥാന വിഹിതം അനുവദിക്കാൻ സംസ്ഥാന സർക്കാർ തയ്യാറാണോ എന്നാണ് ബഹു. |

എന്തായിരുന്നുവെന്നും പ്രസ്തുത ഉത്തരവ് പ്രകാരം നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ;

കോടതിയുടെ ഉത്തരവിൽ നിരീക്ഷിച്ചത്. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മുൻ കാലങ്ങളിൽ സെറിഫെഡിന് ലഭ്യമാക്കിയ പദ്ധതി വിഹിതം ഉദ്ദേശിച്ച ലക്ഷ്യത്തിന് വിനിയോഗിച്ചിട്ടില്ല. കൂടാതെ ഇത് സംബന്ധിച്ച യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റും ഗുണഭോക്തൃ ലിസ്റ്റും സമർപ്പിച്ചിട്ടില്ലാത്തതിനാൽ തുടർന്ന് വിഹിതം അനുവദിക്കാൻ നിർവ്വാഹമില്ലാത്തതാണ്. കൂടാതെ പട്ടുനൂലിനാവശ്യമായ മൾബറി കൃഷിക്കുള്ള ഭൗതിക സാഹചര്യം നലവിൽ കേരളത്തിൽ ഇല്ലാത്തതിനാലും മറ്റു സംസ്ഥാനങ്ങളിൽ നിന്നും കൊക്കൂൺ വാങ്ങി കേരളത്തിൽ റീലിങ്ങ് നടത്തി തിരിച്ച് മറ്റ് സംസ്ഥാനങ്ങളിൽ വിപണനം നടത്തുന്നത് വ്യാവസായികമായി പ്രായോഗികമല്ലാത്തതിനാലും സർക്കാർ ഇക്കാര്യം പുനഃപരിശോധിച്ചിട്ടില്ല. ഈ കാര്യം ബഹു. കോടതിയുടെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ട്.

(എഫ്) കാസർകോട് മൈലാട്ട് സെറിഫെഡിലെ യന്ത്രങ്ങൾ തുരുമ്പെടുത്തും കെട്ടിടം കാട്ടുമൂടിയും നശിച്ചുകൊണ്ടിരിക്കുന്നതും തൊഴിലാളികൾക്ക് ജോലിയില്ലാത്തതും പ്രായാധിക്യത്താൽ അവശതകളേറി വരുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്ത് പരിഹാര നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

(എഫ്) പരിശോധിച്ചുവരുന്നു.

Radhalakshmi

സെക്ഷൻ ഓഫീസർ